**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **29-07-2021 - ൽ മറുപടിയ്ക്ക്**

**നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായിട്ടും കേരളത്തിന്റെ നികുതിവരുമാനത്തിൽ കുറവുണ്ടായത് നികുതി ഭരണസംവിധാനത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് ജി.എസ്.ടി നികുതി നിരക്കുകളിൽ ജി.എസ്.ടി കൗൺസിൽ പല ആവശ്യങ്ങൾ പരിഗണിച്ച് ഗണ്യമായ കുറവ് വരുത്തുകയുണ്ടായി. കൂടാതെ ജി.എസ്.ടി വിഭാവനം ചെയ്ത തരത്തിൽ പൂർണമായ റിട്ടേൺ നടപ്പിലാക്കാത്തത് ഐ.ജി.എസ്.ടി യെ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിന് തടസ്സമായി. |
| (ബി) | പരോക്ഷ നികുതികളുടെ ചരിത്രത്തിൽ തന്നെ ഏറ്റവും കൂടുതൽ സർവീസ് ടാക്സ് പിരിക്കാനുള്ള അവസരം കൈവന്നിട്ടും സർവീസ് മേഖലയിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും നികുതി വെട്ടിപ്പ് തടയുന്നതിലും പരാജയപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | സർവീസ് ടാക്സ് സപ്ലൈയേഴ്സിനെ സംബന്ധിച്ച് സർവ്വേകൾ നടത്തുകയും ടാക്സ് നെറ്റിൽ ചേർക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുക എന്ന മുഖ്യലക്ഷ്യം നടപ്പാക്കുന്നതിനായി നികുതി ഭരണസംവിധാനം കാര്യക്ഷമമായി പുന:സംഘടിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്, പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിനും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ നികുതി സംവിധാനത്തിനും അതിന്റെ നിർവഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ